ഭരണഭാഷ-മാതൃഭാഷ

നം: ബി3-3848/2018.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തീയതി: 04/04/2018.

# നോട്ടീസ്

**വിഷയം:-** ജലസേചനം- ജീവനക്കാര്യം- 2018 വർഷത്തിലെ പൊതു സ്ഥലംമാറ്റം- സ്റ്റേഷൻ വിവരങ്ങൾ അപഡേറ്റ് ചെയ്യുന്നത്-സംബന്ധിച്ച്:

**സൂചന:-**

ഈ വർഷത്തെ പൊതുസ്ഥലംമാറ്റം online ആയി ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ട് ഇരിക്കുകയാണ്. എന്നാൽ എല്ലാ ഓഫീസുകളിലെയും ഓരോ ജീവനക്കാരുടെയും നിലവിലെ സ്റ്റേഷനിലെ (15 കിലോമീറ്റർ ചുറ്റളവിലുള്ള) സേവന ദൈർഘ്യം പല D.D.O മാരും e-monit software-ൽ രേഖപ്പെടുത്താത്തതിനാൽ online transfer നടപടികൾക്ക് തടസ്സം നേരിടുകയാണ്. ഇത് പല പ്രാവശ്യം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ **06.04.2018** ന് **5.00** മണിയ്ക്ക് മുൻപായി ഈ വകുപ്പിലെ എല്ലാ ഓഫീസുകളിലെയും D.D.O മാർ അവരുടെ ഓഫീസുകളിലെ ജീവനക്കാരുടെ നിലവിലെ സ്റ്റേഷൻ സേവനദൈർഘ്യം (15 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ ഓഫീസുകളും ഒരു സ്റ്റേഷനായി കണക്കാക്കണം) e-monit software-ൽ അടിയന്തിരമായി രേഖപ്പെടുത്തേണ്ടതാണ്. സബ്ഡിവിഷൻ ഓഫീസുകളിലെ D.D.O മാർ അവരുടെ കീഴിലെ സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ മേൽ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. മേൽ ആവശ്യമായ വിവരങ്ങൾ സ്ഥലംമാറ്റത്തിന് അപേക്ഷിച്ച ജീവനക്കാരുടെ മാത്രമല്ല എന്നാൽ ഒരു ഓഫീസിലെ എല്ലാ ജീവനക്കാരുടെയും ആണ് എന്ന കാര്യം എല്ലാ D.D.O മാരെയും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എല്ലാ D.D.O മാരും മേൽ രേഖപ്പെടുത്തലുകൾ **06.04.2018, 5:00** മണിയ്ക്ക് മുൻപായി പൂർത്തിയാക്കി ആയതിന്റെ screen shot പ്രിന്റ് എടുത്ത് ഒപ്പിട്ട് ഈ കാര്യാലയത്തിലേയ്ക്ക് അയച്ച് തരേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന D.D.O മാർക്ക് എതിരെ അനന്തരനടപടികൾക്കായി പേര് വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ് എന്നുള്ള കാര്യം അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഐ.റ്റി.സെൽ